## 777

താങ്ങും നിൻകരങ്ങൾ എന്നെ-
നാഥാ താങ്ങും നിൻകരങ്ങൾ എന്നെ
താതനും മാതാവും സ്നേഹിതനും നീ
പാരിലെൻ ആശ്വാസദായകനും നീ (2)

1 വേദനയേറും വേളകളഖിലം
ശോധനയാണത് നിന്നിൽ ഞാനുറയ്ക്കാൻ (2)
ദിവ്യമാം ആശ്വാസം എന്നുള്ളിൽ നിറയ്ക്കാൻ (2)
നീ ഒരുക്കും വഴി ഈ വിധം ദിനവും (2)

2 രോഗവും ക്ലേശവും ഏറിടുന്തോറും (2)
ജീവിതഭാരം പെരുകിടുന്തോറും (2)
പ്രാണപ്രിയാ നിൻ സ്നേഹത്തിലലിയാൻ (2)
നീ ഒരുക്കുന്നെന്നെ ഈവിധം ദിനവും (2)

3 ആകുലം വ്യാകുലം ആകവെ തിങ്ങി
മാനസം നീറി എരിഞ്ഞിടുമ്പോഴും (2)
ഉരുകി തെളിഞ്ഞെന്നിൽ നിൻരൂപം വിളങ്ങാൻ (2)
നീ ഒരുക്കും മൂശ ഈവിധം ദിനവും (2)

4 വ്യാധിയാലെൻ ദേഹം വലഞ്ഞിടുമ്പോഴും
ആധിയാലെന്നുള്ളം കലങ്ങിടുമ്പോഴും (2)
മഹത്വ ദേഹം സ്വർഗ്ഗീയവാസം (2)
കണുന്നേനുൾക്കണ്ണാൽ ഈ മണ്ണിൽ ദിനവും (2)

E.P.